JD]

# വനിത ശിശുവികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

## (ഹാജർ : ടി.വി. അനുപമ IAS)

വിഷയം: വനിതാ ശിശുവികസന വകുപ്പ്- സൈക്കോ സോഷ്യൽ പദ്ധതി അഡോളസെന്റ് ക്ലബ് പുനരുജ്ജീവനം- 'വർണ്ണക്കൂട്ടി'ലെ അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സ് നൽകുന്നത് - ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം: 1) സ.ഉ.(സാധാ) നം. 20/2022 /വശിവിവ, തീയതി : 28/02/2022
2) വനിതാ ശിശു വികസന ഡയറക്ടറുടെ 03.03.2022 തീയതിയിലെ ഇതേ നം. ഉത്തരവ്

**ഉത്തരവ് നമ്പർ ICDS/A6/2632/2022 തീയതി.11.03.2022**

അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കുമാരിക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വനിതാശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 33,115 അങ്കണവാടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളിലെ (വർണ്ണക്കൂട്ടിലെ) അംഗങ്ങൾക്ക് കാലികപ്രാധാന്യമുള്ള വിഷയങ്ങളിൽ റിസോഴ്സ് പേഴ്സൺസ് നെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസ്സ് നല്കുന്നതിലെയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുവാൻ, പരാമർശം (2) പ്രകാരം നിർദേശം നൽകിയിരുന്നു.

മേൽ സാഹചര്യത്തിൽ വർണക്കൂട്ടിലെ അംഗങ്ങൾക്ക് പരാമർശം (2) പ്രകാരം നൽകിയിട്ടുള്ള വിഷയങ്ങളിൽ റിസോഴ്സ് പേഴ്സൺസിനെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിലെയ്ക്ക് ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്ക് ചുവടെ ചേർക്കുന്ന രീതിയിൽ തുക അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ICDS പ്രോജെക്ട് കളുടെ എണ്ണം | അങ്കണവാടി കളുടെ എണ്ണം | ഒരു അങ്കണവാടിയ്ക്ക് അനുവദിക്കുന്ന തുക (Rs) | അനുവദിക്കുന്ന തുക (Rs) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 24 | 3061 | 500 | 15,30,500/- |
| 2 | കൊല്ലം | 21 | 2723 | 500 | 13,61,500/- |
| 3 | പത്തനംതിട്ട | 12 | 1389 | 500 | 6,94,500/- |
| 4 | ആലപ്പുഴ | 15 | 2150 | 500 | 10,75,000/- |
| 5 | കോട്ടയം | 15 | 2050 | 500 | 10,25,000/- |
| 6 | ഇടുക്കി | 13 | 1561 | 500 | 7,80,500/- |
| 7 | എറണാകുളം | 23 | 2858 | 500 | 14,29,000/- |
| 8 | തൃശൂർ | 23 | 3016 | 500 | 15,08,000/- |
| 9 | പാലക്കാട് | 21 | 2835 | 500 | 14,17,500/- |

JD]

| | | | | | |
|---|---|---|---|---|---|
| 10 | മലപ്പുറം | 29 | 3808 | 500 | 19,04,000/- |
| 11 | കോഴിക്കോട് | 21 | 2938 | 500 | 14,69,000/- |
| 12 | വയനാട് | 8 | 874 | 500 | 4,37,000/- |
| 13 | കണ്ണൂർ | 21 | 2504 | 500 | 12,52,000/- |
| 14 | കാസർഗോഡ് | 12 | 1348 | 500 | 6,74,000/- |
| | ആകെ | 258 | 33115 | 500 | 1,65,57,500/- |

(ഒരു കോടി അറുപത്തിയഞ്ച് ലക്ഷത്തി അൻപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം)

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക ഓരോ ICDS കളിലെയും അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി അതാത് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് ഉത്തരവ് സഹിതം കൈമാറേണ്ടതും, ശിശുവികസന പദ്ധതി ഓഫീസർമാർ ടി തുക ബോധവൽക്കരണ ക്ലാസുകൾ നയിച്ച റിസോഴ്സ് പേഴ്സൻസിന് അനുവദിച്ചു നൽകേണ്ടതുമാണ്.

20.03.2022 തീയതിക്കകം ക്ലാസുകൾ സംഘടിപ്പിക്കേണ്ടതും 30.03.2022 നകം തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം CDPO മാർ ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്ക് നൽകേണ്ടതും, ജില്ല വനിതാ ശിശുവികസന ഓഫീസർമാർ ആയതു ക്രോഡീകരിച്ചു സമയബന്ധിതമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതിനാവശ്യമായ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-56(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫിസർമാർക്കും

പകർപ്പ്

1)എല്ലാ ജില്ലാ പ്രോഗ്രാം ഓഫിസർമാർക്കും

2)എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

4) സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

Remya

സൂപ്രണ്ട്